

# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

وَكَذَٰلِكَ بَعَثْنَٰهُمْ لِيَتَسَآءَلُوا۟ بَيْنَهُمْ ۚ قَالَ قَآئِلٌ مِّنْهُمْ كَمْ لَبِثْتُمْ ۖ قَالُوا۟ لَبِثْنَا
يَوْمًا أَوْ بَعْضَ يَوْمٍ ۚ قَالُوا۟ رَبُّكُمْ أَعْلَمُ بِمَا لَبِثْتُمْ فَٱبْعَثُوٓا۟ أَحَدَكُم
بِوَرِقِكُمْ هَٰذِهِۦٓ إِلَى ٱلْمَدِينَةِ فَلْيَنظُرْ أَيُّهَآ أَزْكَىٰ طَعَامًا فَلْيَأْتِكُم
بِرِزْقٍ مِّنْهُ وَلْيَتَلَطَّفْ وَلَا يُشْعِرَنَّ بِكُمْ أَحَدًا ﴿١٩﴾

**19.** ഇപ്രകാരം അത്ഭുതകരമായിത്തന്നെ നാം അവരെ ഉണർത്തിയെഴുന്നേൽപിക്കുകയും ചെയ്തു; അവർ പരസ്പരം അന്വേഷിക്കാൻ. കൂട്ടത്തിലൊരാൾ ചോദിച്ചു: നമ്മൾ എത്ര നേരം ഉറങ്ങിപ്പാർത്തു? ചിലർ പറഞ്ഞു: ഒരു ദിവസം മുഴുവൻ ഉറങ്ങിയിട്ടുണ്ടാകും; അല്ലെങ്കിൽ അതിൽ അൽപം കുറച്ച്. പിന്നെ അവർ പറഞ്ഞു: നമ്മൾ എത്രനേരം ഉറങ്ങിപ്പാർത്തുവെന്ന് നമ്മുടെ വിധാതാവിനറിയാം. ഏതായാലും നമ്മളിലൊരാളെ ഈ വെള്ളിക്കാശുമായി നഗരത്തിലേക്കയക്കാം. എവിടെ നല്ല ആഹാരം കിട്ടുമെന്ന് നോക്കി അയാൾ വല്ലതും വാങ്ങിക്കൊണ്ടുവരട്ടെ. എന്നാൽ നഗരത്തിലേക്കു പോകുന്നവൻ നല്ലവണ്ണം സൂക്ഷിക്കേണം. ഇവിടെ നമ്മുടെ സാന്നിദ്ധ്യം ആരെയും അറിയിച്ചുകൂടാ.

إِنَّهُمْ إِن يَظْهَرُوا۟ عَلَيْكُمْ يَرْجُمُوكُمْ أَوْ يُعِيدُوكُمْ فِى مِلَّتِهِمْ وَلَن
تُفْلِحُوٓا۟ إِذًا أَبَدًا ﴿٢٠﴾

**20.** ജനം നമ്മെ കണ്ടെത്തിയാൽ കല്ലെറിഞ്ഞുകൊന്നു കളയും. അല്ലെങ്കിൽ ബലാൽക്കാരം അവരുടെ മതത്തിലേക്കു തിരിച്ചുകൊണ്ടുപോകും. പിന്നെ നമുക്ക് ഒരിക്കലും ജീവിതം സഫലമാക്കാനാവില്ല.

وَكَذَٰلِكَ أَعْثَرْنَا عَلَيْهِمْ لِيَعْلَمُوٓا۟ أَنَّ وَعْدَ ٱللَّهِ حَقٌّ
وَأَنَّ ٱلسَّاعَةَ لَا رَيْبَ فِيهَآ إِذْ يَتَنَٰزَعُونَ بَيْنَهُمْ أَمْرَهُمْ ۖ فَقَالُوا۟
ٱبْنُوا۟ عَلَيْهِم بُنْيَٰنًا ۖ رَّبُّهُمْ أَعْلَمُ بِهِمْ ۚ قَالَ ٱلَّذِينَ غَلَبُوا۟ عَلَىٰٓ
أَمْرِهِمْ لَنَتَّخِذَنَّ عَلَيْهِم مَّسْجِدًا ﴿٢١﴾

**21.** ഇതേപ്രകാരംതന്നെ നാം ആ ഗുഹാവാസികളെ നാട്ടുകാർക്കു കാണിച്ചുകൊടുത്തു. അല്ലാഹുവിന്റെ വാഗ്ദാനം സത്യമായി പുലരുന്നതാണെന്നും അന്ത്യനാൾ നിസ്സംശയം സമാഗതമാകുന്നതാണെന്നും അവർ അറിയാൻ. അപ്പോൾ നഗരവാസികൾ ഗുഹാവാസികളെ ഉപചരിക്കുന്നതിനെക്കുറിച്ചു തർക്കിക്കുകയായിരുന്നു. ചിലർ അഭിപ്രായപ്പെട്ടു: ഇവർക്കുമീതെ ഒരു ഭിത്തി പണിയുവിൻ. അവരെ നന്നായറിയുന്നത് അവരുടെ വിധാതാവു മാത്രമാകുന്നു. എന്നാൽ അവരുടെ മേൽ മേധാവികളായവർ പറഞ്ഞു: അവർക്കുമീതെ നമുക്കൊരു ആരാധനാലയം തന്നെ നിർമിക്കേണം.

നാം അവരെ (ഉണർത്തി) എഴുന്നേൽപ്പിക്കുകയും ചെയ്തു = بَعَثْنَـٰهُمْ ഇപ്രകാരം (അത്ഭുതകരമായിത്തന്നെ) = وَكَذَٰلِكَ

അവർ പരസ്പരം അന്വേഷിക്കാൻ = بَيْنَهُمْ لِيَتَسَآءَلُوا۟

അവരിൽ പെട്ട ഒരു വക്താവ് പറഞ്ഞു(കൂട്ടത്തിലൊരാൾ ചോദിച്ചു) = قَالَ قَآئِلٌ مِّنْهُمْ

അവർ(ചിലർ) പറഞ്ഞു = قَالُوا۟ നിങ്ങ(നമ്മ)ൾ എത്ര(നേരം ഉറങ്ങി)പ്പാർത്തു = كَمْ لَبِثْتُمْ

ഒരു ദിവസം(മുഴുവൻ) = يَوْمًا നമ്മൽ പാർത്തു(ഉറങ്ങിയിട്ടുണ്ടാകും) = لَبِثْنَا

(പിന്നെ) അവർ പറഞ്ഞു = قَالُوا۟ അല്ലെങ്കിൽ(അതിൽ അൽപം കുറച്ച്) ഒരു ദിവസത്തിന്റെ ചില ഭാഗം = أَوْ بَعْضَ يَوْمٍ

നിങ്ങളുടെ വിധാതാവാകുന്നു ഏറ്റം അറിയുന്നവൻ (നമ്മുടെ വിധാതാവിന്നേ അറിയൂ) = رَبُّكُمْ أَعْلَمُ

നിങ്ങൾ താമസിച്ചത് (നമ്മൾ എത്രനേരം ഉറങ്ങിപ്പാർത്തുവെന്ന്) = بِمَا لَبِثْتُمْ

നിങ്ങ(നമ്മ)ളിൽ ഒരാളെ = أَحَدَكُم നിങ്ങൾ അയക്കുക (ഏതായാലും അയക്കാം) = فَٱبْعَثُوٓا۟

നഗരത്തിലേക്ക് = إِلَى ٱلْمَدِينَةِ നിങ്ങ(നമ്മ)ളുടെ ഈ വെള്ളിക്കാശുമായിട്ട് = بِوَرِقِكُمْ هَـٰذِهِۦٓ

അതിൽ എവിടെ (കിട്ടുമെന്ന്) = أَيُّهَآ അവൻ നോക്കട്ടെ (നോക്കട്ടെ) = فَلْيَنظُرْ

(വാങ്ങി) കൊണ്ടുവരട്ടെ = فَلْيَأْتِكُم ആഹാരത്തിൽ ഏറ്റം ശുദ്ധമായത് (നല്ല ആഹാരം) = أَزْكَىٰ طَعَامًا

അതിൽനിന്ന് (അവിടെ നിന്ന്) = مِّنْهُ ഭക്ഷണം (വല്ലതും) = بِرِزْقٍ

(എന്നാൽ നഗരത്തിലേക്ക് പോകുന്നവൻ) ജാഗ്രത കൈക്കൊള്ളണം (നല്ലവണ്ണം സൂക്ഷിക്കണം) = وَلْيَتَلَطَّفْ

നിങ്ങളെക്കുറിച്ച് (നമ്മളുടെ ഇവിടത്തെ സാന്നിധ്യം) = بِكُمْ തീർച്ചയായും അറിയിച്ചുകൂടാ = وَلَا يُشْعِرَنَّ

തീർച്ചയായും അവർ (ജനം) = إِنَّهُمْ ഒരാളെയും, ആരെയും = أَحَدًا

അവർ നിങ്ങളുടെ മേൽ വെളിവായാൽ, (നമ്മെ കണ്ടെത്തിയാൽ) = إِن يَظْهَرُوا۟ عَلَيْكُمْ

അവർ നിങ്ങളെ (നമ്മെ) കല്ലെറിഞ്ഞുകൊല്ലും = يَرْجُمُوكُمْ

അവരുടെ മതത്തിൽ(ലേക്ക്) = فِى مِلَّتِهِمْ അല്ലെങ്കിൽ മടക്കും (ബലാൽക്കാരം തിരിച്ചുകൊണ്ടുപോകും) = أَوْ يُعِيدُوكُمْ

അപ്പോൾ നമ്മൾ ഒരിക്കലും വിജയിക്കുകയില്ല = وَلَن تُفْلِحُوٓا۟ إِذًا

(പിന്നെ നമുക്കൊരിക്കലും ജീവിതം സഫലമാക്കാനാവില്ല)

നാം അവരെ (നാട്ടുകാർക്ക്) കാണിച്ചുകൊടുത്തു = أَعْثَرْنَا عَلَيْهِمْ ഇതേപ്രകാരം = وَكَذَٰلِكَ ഒരു കാലത്തും = أَبَدًا

എന്തെന്നാൽ തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം = أَنَّ وَعْدَ ٱللَّهِ അവർ അറിയാൻ = لِيَعْلَمُوٓا۟

തീർച്ചയായും ആ സമയം(അന്ത്യനാൾ സമാഗതമാകുമെന്നും) = وَأَنَّ ٱلسَّاعَةَ സത്യമാ(യി പുലരുന്നതാ)കുന്നു = حَقٌّ

പരസ്പരം = بَيْنَهُمْ അപ്പോൾ അവർ തർക്കിക്കുന്നു(ക്കുകയായിരുന്നു) = إِذْ يَتَنَـٰزَعُونَ അതിൽ സംശയമില്ല = لَا رَيْبَ فِيهَآ

അവരുടെ കാര്യം(ഗുഹാവാസികളെ ഉപചരിക്കുന്നതിനെക്കുറിച്ച്) = أَمْرَهُمْ

ഇവർക്കുമീതെ പണിയുക(യാം) = ٱبْنُوا۟ عَلَيْهِم അപ്പോൾ അവർ പറഞ്ഞു(ചിലർ അഭിപ്രായപ്പെട്ടു) = فَقَالُوا۟

അവരുടെ വിധാതാവ് (മാത്രമാകുന്നു) = رَّبُّهُمْ ഒരു എടുപ്പ്, ഭിത്തി = بُنْيَـٰنًا

അവരെ ഏറ്റം (നന്നായി) അറിയുന്ന(ത്)വൻ = أَعْلَمُ بِهِمْ

(എന്നാൽ) അവരുടെ കാര്യത്തിൽ ജയിച്ചവർ (മേധാവികളായവർ) പറഞ്ഞു = قَالَ ٱلَّذِينَ غَلَبُوا۟ عَلَىٰٓ أَمْرِهِمْ

തീർച്ചയായും ഇവർക്കുമേൽ നാം ഒരു മസ്ജിദ് നിർമിക്കും (ഒരു ദേവാലയം തന്നെ നിർമിക്കണം) = لَنَتَّخِذَنَّ عَلَيْهِم مَّسْجِدًا

**19.** ഇവിടെ كَذَٰلِكَ -ഇപ്രകാരം എന്നതിന്റെ താൽപര്യം മേൽപറഞ്ഞ അത്ഭുതകരമായ നിദ്രാവസ്ഥപോലെ തന്നെ അത്ഭുതകരമായിരുന്നു നിദ്രയിൽ നിന്നുള്ള അവരുടെ ഉണർച്ചയും എന്നാകുന്നു. എപ്രകാരമാണോ ഉറങ്ങിയത് അതേ പ്രകാരം തന്നെയാണ് ഉണർന്നത്. നൂറ്റാണ്ടുകളുടെ കടന്നുപോക്ക് ശരീരത്തിനോ മനസ്സിനോ ഒരു മാറ്റവും ഉണ്ടാക്കിയിരുന്നില്ല. കാലം അവരിൽ നിന്ന് പൂർണമായും മാറി നിൽക്കുകയായിരുന്നു. 12-ാം സൂക്തത്തിൽ لِنَعْلَمَ أَىُّ ٱلْحِزْبَيْنِ أَحْصَىٰ لِمَا لَبِثُوٓا۟ أَمَدًا എന്നു പറഞ്ഞതിന്റെ വിശദീകരണമാണിത്. لنعلم യിലെ 'ل' പോലെ لِيَتَسَآءَلُوا۟ യിലെ 'ل' യും പരിണതിയെ സൂചിപ്പിക്കുന്നതാണ്. അതായത് ചോദിക്കാൻ വേണ്ടി അവരെ ഉണർത്തിയെന്നല്ല, ഉണർത്തിയപ്പോൾ അവർ ചോദിച്ചു തുടങ്ങി എന്നാണ് വിവക്ഷ. നിദ്രയിൽ കഴിഞ്ഞുപോയ കാലത്തെക്കുറിച്ച്

അവർക്കൊരു ധാരണയുമുണ്ടായിരുന്നില്ല. നമ്മൾ എത്ര നേരം ഉറങ്ങിയിരിക്കും എന്ന് പരസ്പരം ചോദിച്ചപ്പോൾ ചിലർ പറഞ്ഞത് ഒരു ദിവസം മുഴുവൻ, അല്ലെങ്കിൽ ദിവസത്തിന്റെ കുറെ ഭാഗം ഉറങ്ങിയിട്ടുണ്ടാകുമെന്നാണ്. ഉറങ്ങിപ്പോയത് ഒരു പ്രഭാതത്തിലും ഉണർന്നത് ഒരു പ്രദോഷത്തിലുമായിരുന്നതുകൊണ്ടായിരിക്കാം അവർ ഈ നിഗമനത്തിലെത്തിയതെന്ന് ചില വ്യാഖ്യാതാക്കൾ ഊഹിക്കുന്നുണ്ട്. തങ്ങൾ എത്ര സമയം ഉറങ്ങിപ്പോയെന്ന് അല്ലാഹുവിന്നറിയാം എന്ന കാര്യത്തിൽ യോജിക്കുകയായിരുന്നു ഒടുവിൽ ആ യുവാക്കൾ.

മരണത്തിനും ഉയിർത്തെഴുന്നേൽപിനുമിടക്കുള്ള ബർസഖീ ജീവിതത്തിന്റെ യാഥാർഥ്യം വ്യക്തമാക്കാൻ കൂടിയാണ് അവർക്കിടയിൽ ഇങ്ങനെയൊരു ചോദ്യോത്തരം ഉളവാക്കിയത്. അന്ത്യനാളിൽ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ഓരോ മനുഷ്യന്നും തോന്നുക താൻ ഒരു നാൾ അല്ലെങ്കിൽ അതിലും കുറച്ചേ കഴിച്ചുകൂട്ടിയിട്ടുള്ളൂ എന്നായിരിക്കും.

ഇവിടെ പരാമർശിക്കുന്ന വെള്ളിക്കാശ് അവർ ഗുഹയിലേക്കു പോകുമ്പോൾ കൈയിൽ കരുതിയ നായണങ്ങളാണ്. കമ്മട്ടത്തിൽ നാണയമായി അടിക്കാത്ത വെള്ളിക്കും ورق എന്നുപറയും. ഉണരുമ്പോഴേക്കും നാടിന്റെ രാജാവും ഭരണവും നാണയ വ്യവസ്ഥയും മതവും സാമൂഹികാവസ്ഥയുമെല്ലാം മാറിയത് അവരറിഞ്ഞിരുന്നില്ല. ഉറങ്ങിയത് എത്രനേരമെങ്കിലുമാകട്ടെ, ഇപ്പോൾ വേണ്ടത് വിശപ്പകറ്റാൻ ഭക്ഷണമാണ്. ഒരാൾ നഗരത്തിൽ പോയി തിന്നാൻ പറ്റുന്നതെന്തെങ്കിലും വാങ്ങിക്കൊണ്ടുവരണം. أَيُّهَآ എന്നതുകൊണ്ടുദ്ദേശ്യം നഗരത്തിൽ എവിടെ അഥവാ ഏതുഭാഗത്ത് എന്നാണ്. أَزْكَىٰ طَعَامًا എന്നാൽ നല്ലതും ശുദ്ധവുമായ ഭക്ഷണമാണ്. അല്ലാഹുവിന്റെ പേരിൽ അറുക്കപ്പെട്ടതും വിഗ്രഹങ്ങൾക്കുവേണ്ടി അർപ്പിച്ചതല്ലാത്തതുമായ ഭക്ഷണം എന്നാണുദ്ദേശ്യമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. നഗരവാസികൾ മുഴുവൻ അവിശ്വാസികളും വിഗ്രഹാരാധകരുമായിരുന്നുവല്ലോ. അവരുടെ ഭക്ഷണരീതിയിൽ ഇസ്‌ലാമികമായ ശുദ്ധാശുദ്ധങ്ങൾക്കും ഹലാൽ ഹറാമുകൾക്കും സ്ഥാനമുണ്ടായിരുന്നില്ല. അതിനാൽ ഭക്ഷണം വാങ്ങാൻ പോകുന്നവനെ നഗരത്തിലെവിടെയാണ് ഹലാലായ ഭക്ഷണ പദാർഥങ്ങൾ ലഭിക്കുക എന്നു അന്വേഷിച്ച് കണ്ടെത്തണമെന്ന് ശട്ടം കെട്ടുകയാണ്, ഈ അന്വേഷണത്തിനിടയിൽ തങ്ങൾ തിരിച്ചറിയപ്പെടാനിടയായിക്കൂടാ എന്ന് പ്രത്യേകം ഓർമിപ്പിക്കുകയും ചെയ്യുന്നു. ഒരു കാര്യത്തിൽ മികച്ച തന്ത്രവും അതിസൂക്ഷ്മതയും പുലർത്തുകയാണ് تلطف.

**20.** ജാഗ്രത പാലിക്കാൻ നിർദേശിക്കുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുകയാണീ സൂക്തം. ഗുഹയിലേക്കു പോരുമ്പോൾ ജനങ്ങളെല്ലാം അവരുടെ വിരോധികളാണ്. നാട്ടുകാരുടെ ദൃഷ്ടിയിൽ, പാരമ്പര്യ വിശ്വാസാചാരങ്ങൾ കൈവെടിയുകയും നാടിന്റെ സർവൈശ്വര്യങ്ങൾക്കും നിദാനമായ ദൈവങ്ങളെ തള്ളിപ്പറയുകയും ചെയ്യുന്ന രാജ്യദ്രോഹികളും മതദ്വേഷികളുമാണവർ. രാജാവിനാൽ വധശിക്ഷക്കു വിധിക്കപ്പെട്ടവർ, കണ്ടേടത്തുവെച്ച് ജനങ്ങൾ അവരെ എറിഞ്ഞുകൊല്ലും, സത്യവിശ്വാസമുപേക്ഷിച്ച് അവരുടെ മൂഢവിശ്വാസങ്ങളിലേക്കു മടങ്ങുക മാത്രമേ ജീവൻ രക്ഷിക്കാൻ വഴിയുള്ളൂ. അങ്ങനെ ചെയ്താലാവട്ടെ പിന്നീടൊരിക്കലും ആ പാഴ്ജീവിതത്തിൽനിന്ന് രക്ഷപ്പെടാനോ ജീവിതം സഫലമാക്കാനോ കഴിയില്ല. വെളിവായി, പ്രത്യക്ഷമായി എന്നർഥമുള്ള ظهر യുടെ വർത്തമാനകാലരൂപമാണ് يظهر. ظهر علي കണ്ടെത്തിയെന്നും കീഴടക്കി എന്നും അർഥമുണ്ട്. إِنَّهُمْ إِن يَظْهَرُوا۟ عَلَيْكُمْ എന്ന വാക്യത്തെ അവർ നിങ്ങളെ കണ്ടെത്തിയാൽ എന്നും അവർ നിങ്ങളെ പിടികൂടിയാൽ എന്നും തർജമ ചെയ്യാവുന്നതാണ്.

**21.** 19-ാം സൂക്തത്തിൽ وَكَذَٰلِكَ بَعَثْنَٰهُمْ എന്നു പറഞ്ഞതിനു സമാനമാണ് ഈ സൂക്തത്തിലെ وَكَذَٰلِكَ أَعْثَرْنَا عَلَيْهِمْ. അതായത്, അവരെ അത്ഭുതകരമായി ഉയിർത്തെഴുന്നേൽപിച്ചതുപോലെ അത്ഭുതകരമായി നാട്ടുകാർക്കു കാട്ടിക്കൊടുക്കുകയും ചെയ്തു. أَعْثَرْنَا യെയാണ് നാം കാട്ടിക്കൊടുത്തു എന്നു തർജമ ചെയ്തിട്ടുള്ളത്. അന്വേഷിക്കാതെയും പ്രതീക്ഷിക്കാതെയും ഒരു കാര്യം കണ്ടെത്തുന്നതിനു عثر എന്നുപറയും. اعثر എന്നാൽ അപ്രകാരം കണ്ടെത്തിച്ചു, അഥവാ കാട്ടിക്കൊടുത്തു. നൂറ്റാണ്ടുകൾക്കു മുമ്പ് ജീവനുംകൊണ്ട് നഗരത്തിൽ നിന്ന് ഓടിപ്പോയ യുവാക്കളെ നാട്ടുകാർ മറന്നു കഴിഞ്ഞിരുന്നു. തലമുറകൾ കഴിഞ്ഞുപോയ ശേഷം ഒരുനാൾ അവർ നഗരത്തിൽ തിരിച്ചെത്തുമെന്ന് ആരും പ്രതീക്ഷിക്കുകയില്ലല്ലോ. ഈ സാഹചര്യത്തിലാണ് അവർ പ്രത്യക്ഷപ്പെടുന്നത്. അവർ തിരിച്ചറിയപ്പെടാനിടയായത് നേരത്തെ 9-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ ഉദ്ധരിച്ച ഐതിഹ്യമനുസരിച്ച് ഭക്ഷണം വാങ്ങാൻ ചെന്നയാളുടെ കൈയിലുണ്ടായിരുന്ന വെള്ളി നാണയം കച്ചവടക്കാരന് കൊടുത്തതാണ്. ഗുഹാവാസികൾ തിരിച്ചറിയപ്പെടുന്നതിലേക്ക് നയിച്ച പ്രധാന ഘടകമായതുകൊണ്ടു തന്നെയാവാം മുൻ സൂക്തത്തിൽ ഭക്ഷണം വാങ്ങാൻ പോകുന്നയാൾ വെള്ളി നാണയം കൈയിൽ കരുതിയ കാര്യം എടുത്തുപറഞ്ഞത്.

ഗുഹാവാസികൾ ഉണർന്ന കാലത്ത് എഫെസ്യൂസിൽ ക്രിസ്തുമതം പ്രചരിക്കുകയും ഭൂരിപക്ഷം നഗരവാസികൾ ക്രൈസ്തവരാവുകയും ചെയ്തിരുന്നുവെങ്കിലും ബഹുദൈവ വിശ്വാസം പൂർണമായി തിരോധാനം ചെയ്തിരുന്നില്ല. ആ ബഹുദൈവ വിശ്വാസികൾ പരലോകവും മരണാനന്തര ജീവിതവും നിഷേധിക്കുന്നവരായിരുന്നു. കൂടാതെ എഫെസ്യൂസ് നിവാസികളിൽ നല്ലൊരു ഭാഗം യഹൂദരുണ്ടായിരുന്നു. പരലോക നിഷേധികളായിരുന്നു യഹൂദരിലെ സദൂഖി വിഭാഗം. ഈ മൂന്നു വിഭാഗങ്ങളുടെയും സാന്നിധ്യം അവിടെ പരലോകം സംബന്ധിച്ച് വലിയ വാദപ്രതിവാദങ്ങൾക്കിടയാക്കി. പരലോകം എന്ന യാഥാർഥ്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ പര്യാപ്തമായ ബൗദ്ധികവും നൈയാമികവുമായ തെളിവുകൾ ക്രൈസ്തവ പണ്ഡിതന്മാരുടെയും പുരോഹിതന്മാരുടെയും കൈവശമുണ്ടായിരുന്നില്ല. പരലോകത്തെക്കുറിച്ച് യേശുവും സദൂഖികളും തമ്മിൽ നടന്ന സംവാദം മത്തായിയുടെയും മാർക്കോസിന്റെയും ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ കാണാം. (മത്തായി, 22:23-33, മാർക്കോസ് 12:18-27, ലൂക്കോസ് 20:27-40). പരലോകത്തിന്റെ സംഭാവ്യത സംബന്ധിച്ച് ഉയർന്നുവരുന്ന സന്ദേഹങ്ങൾക്കൊന്നും അതിൽ യേശു വിശദീകരണം നൽകുന്നില്ല. പരലോക സംബന്ധമായ സംശയങ്ങൾക്ക് തന്റെ

പുരോഹിതന്മാര്‍ക്കും പണ്ഡിതന്മാര്‍ക്കും വ്യക്തമായ മറുപടി നല്‍കാന്‍ കഴിയാത്തതില്‍ രാജാവിന് നല്ല കുണ്ഠിതമുണ്ടായിരുന്നുവെന്നും ജനങ്ങളില്‍ പരലോക വിശ്വാസം ഉറപ്പിക്കുന്ന എന്തെങ്കിലുമൊരത്ഭുതം സംഭവിച്ചു കാണാന്‍ അദ്ദേഹം പ്രാര്‍ഥിച്ചിരുന്നുവെന്നും നേരത്തെ പറഞ്ഞ ഐതിഹ്യത്തില്‍ നിന്ന് മനസ്സിലാക്കാം. ഈ അവസരത്തിലാണ് ഗുഹാവാസികള്‍ ഉണര്‍ന്നുവരുന്നത്. لِيَعْلَمُوٓا۟ أَنَّ وَعْدَ ٱللَّهِ حَقٌّ എന്ന വാക്യത്തിന്റെ ആശയം, അല്ലാഹുവിന്റെ വാഗ്ദാനം സത്യമായും പുലരുമെന്ന് അവര്‍ക്കു മനസ്സിലാകാന്‍ എന്നാവാം. അവര്‍ ഉണര്‍ന്നുവന്നതിന്റെ ഫലമായി ജനങ്ങള്‍ക്ക് അത് മനസ്സിലാകുന്നു എന്നുമാകാം. രണ്ടര്‍ഥവും ഈ സന്ദര്‍ഭത്തില്‍ സാധുവാകുന്നു. പരലോകത്തെക്കുറിച്ച് ജനങ്ങള്‍ തര്‍ക്കിച്ചുകൊണ്ടിരുന്ന സാഹചര്യത്തില്‍ അല്ലാഹു ഗുഹാവാസികളെ അവര്‍ക്ക് കാട്ടിക്കൊടുത്തത് പരലോകം നിസ്സംശയമായ യാഥാര്‍ഥ്യമാണെന്ന് അവര്‍ക്ക് ബോധ്യപ്പെടാന്‍ വേണ്ടിയാണെന്നാകും ആദ്യത്തെ അര്‍ഥ പ്രകാരം താല്‍പര്യം. പല ഖുര്‍ആന്‍ വ്യാഖ്യാതാക്കളും ഈ ആശയത്തോടു ബന്ധിപ്പിച്ചുകൊണ്ടാണ് إِذْ يَتَنَٰزَعُونَ بَيْنَهُمْ أَمْرَهُمْ എന്ന വാക്യത്തെ വിശദീകരിച്ചിട്ടുള്ളത്. അപ്പോള്‍ അവരുടെ കാര്യം അവര്‍ പരസ്പരം തര്‍ക്കിക്കുകയായിരുന്നുവെന്നും, അവര്‍ തര്‍ക്കിച്ചത് ഓര്‍ക്കുക എന്നും, അപ്പോഴതാ അവര്‍ തര്‍ക്കിക്കുന്നുവെന്നുമൊക്കെ ഇതിനര്‍ഥമാക്കാം. ആദ്യത്തെ രണ്ടര്‍ഥങ്ങളില്‍ ഏതു സ്വീകരിച്ചാലും, ഗുഹാവാസികള്‍ പ്രത്യക്ഷപ്പെടുന്ന കാലത്ത് ജനങ്ങളിലുണ്ടായിരുന്ന പരലോക ചര്‍ച്ചയാണതു സൂചിപ്പിക്കുന്നത്. മൂന്നാമത്തെ അര്‍ഥപ്രകാരം ഗുഹാവാസികളുടെ പുനരാഗമനവും അവരെ എങ്ങനെ ഉപചരിക്കണമെന്നതുമായിരുന്നു തര്‍ക്കവിഷയം. അവര്‍ ഉറങ്ങുകയായിരുന്നുവോ അതല്ല മരിച്ചുകിടക്കുകയായിരുന്നുവോ, പിന്നെയും ഉറങ്ങിയതാണോ, അതോ മരിച്ചുപോയതോ തുടങ്ങിയവയാണ് അവരെക്കുറിച്ചുള്ള തര്‍ക്കം. പില്‍ക്കാലത്ത് ഈ തര്‍ക്കം അവരുടെ എണ്ണം, ഉറങ്ങിക്കിടന്ന കാലം തുടങ്ങിയ വിശദാംശങ്ങളിലേക്ക് നീണ്ടു. ഈ അര്‍ഥകല്‍പനയനുസരിച്ച് أَمْرَهُمْ-അവരുടെ കാര്യം എന്നതുകൊണ്ടുദ്ദേശ്യം അവരുടെ മഹത്വം, ജീവിച്ചിരിക്കുന്നവര്‍ അവരെ ഉപചരിക്കേണ്ട രീതി തുടങ്ങിയവയാണ്. തുടര്‍ന്നുള്ള فَقَالُوا۟ ٱبْنُوا۟ عَلَيْهِم بُنْيَٰنًا എന്ന വാക്യം ഈ അര്‍ഥകല്‍പനയെയാണ് പിന്തുണക്കുന്നത്.

ഈ വാക്യം പറഞ്ഞത് ആരാണ് എന്ന കാര്യത്തിലും ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ക്കിടയില്‍ അഭിപ്രായാന്തരമുണ്ട്. ക്രിസ്തുമതത്തിന്റെ ആഗമനത്തിനു മുമ്പുണ്ടായിരുന്ന ദൈവ-മത സങ്കല്‍പ്പങ്ങളില്‍ തുടരുന്ന അവിശ്വാസികളായിരുന്നുവെന്നാണൊരഭിപ്രായം. ഗുഹാവാസികളെ ജനങ്ങള്‍ തിരിച്ചറിഞ്ഞ ശേഷം അവര്‍ വീണ്ടും ഗുഹയില്‍ പ്രവേശിച്ച് മൃതിയടഞ്ഞപ്പോഴാണ് ഇതുപറഞ്ഞതെന്ന കാര്യത്തില്‍ തര്‍ക്കമില്ല. بنيان ന്ന് കെട്ടിടം എന്നും ഭിത്തി എന്നും അര്‍ഥമുണ്ട്. രണ്ടര്‍ഥവും സ്വീകാര്യമാകുന്നു. നൂറ്റാണ്ടുകള്‍ ഉറങ്ങിക്കിടന്നശേഷം ഉണര്‍ന്നെഴുന്നേറ്റുവന്ന ഇക്കൂട്ടര്‍ വളരെ ആദരണീയര്‍ തന്നെയാണ്. ആ സിദ്ധന്മാര്‍ അവര്‍ പാര്‍ത്തിരുന്ന ഗുഹയില്‍ തന്നെ വാഴട്ടെ. ആരും അവരെ ശല്യപ്പെടുത്തേണ്ട. അവര്‍ വാണ വിശുദ്ധ മണ്ണില്‍ കാലുകുത്തുകയും വേണ്ട. അതൊക്കെ തടയാന്‍ നമുക്ക് ആ ഗുഹാമുഖം മൂടുന്ന ഒരു ഭിത്തി പണിയാം. ഇതാണ് ഒരു വ്യാഖ്യാനം. അവര്‍ പാര്‍ത്ത ഗുഹക്കു മുമ്പില്‍ ഒരു സ്മാരകസൗധം പണിയണമെന്നാണ് രണ്ടാമത്തെ വ്യാഖ്യാനം. ഇങ്ങനെ പറഞ്ഞത് അവിശ്വാസികളല്ല; പ്രത്യുത ക്രിസ്ത്യാനികളിലെ യഥാര്‍ഥ ഏകദൈവ വിശ്വാസികളും പരലോക വിശ്വാസികളുമായിരുന്നുവെന്നാണ് ചില പണ്ഡിതന്മാരുടെ വീക്ഷണം. ഗുഹാമുഖത്ത് ഒരു സ്മാരക സൗധം നിര്‍മിച്ചാല്‍ അത് മരണാനന്തര ജീവിതത്തെ സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തമായിക്കൊള്ളും എന്നാണവര്‍ പറയുന്നത്.

'അവരെ നന്നായി അറിയുന്നത് അവരുടെ വിധാതാവ് മാത്രമാകുന്നു' رَّبُّهُمْ أَعْلَمُ بِهِمْ എന്ന വാക്യത്തിന്റെ താല്‍പര്യം, അവര്‍ ആരാണ്, എവിടത്തുകാരാണ് അവരുടെ മതം ഏതായിരുന്നു, എത്രകാലം ഗുഹയില്‍ കഴിഞ്ഞുകൂടി തുടങ്ങിയ കാര്യങ്ങളൊക്കെ അല്ലാഹുവിനേ അറിയൂ; നാം അതെക്കുറിച്ചൊന്നും തര്‍ക്കിക്കേണ്ട കാര്യമില്ല എന്നാണ്. ഈ അര്‍ഥത്തിലെടുക്കുമ്പോള്‍ ഈ വാക്കുകള്‍ സൂചിപ്പിക്കുന്നത് വക്താക്കള്‍ സത്യവിശ്വാസികളാണെന്നാകുന്നു.

ٱلَّذِينَ غَلَبُوا۟ عَلَىٰٓ أَمْرِهِمْ-'അവരുടെ കാര്യത്തിന്മേല്‍ മേധാവികളായവര്‍' എന്നാല്‍ ഗുഹാവാസികളെ എങ്ങനെ ഉപചരിക്കണമെന്ന തര്‍ക്കത്തില്‍ ആദ്യത്തെ അഭിപ്രായക്കാരെ അതിജയിച്ചവരാണ്. അത് നാട്ടുപ്രമാണിമാരാവാം, ക്രൈസ്തവ പണ്ഡിതന്മാരും പുരോഹിതരുമാകാം, ഭരണാധികാരികളുമാകാം. ഇവരെല്ലാം ചേര്‍ന്ന ഭൂരിപക്ഷവുമാകാം. അടിസ്ഥാനപരമായി അവര്‍ ഏകദൈവവിശ്വാസികളായിരുന്നു. ക്രൈസ്തവരുടെയും യഹൂദരുടെയും ആരാധനാ കേന്ദ്രം മൗലികമായി മസ്ജിദ് (സുജൂദിന്റെ സ്ഥലം) തന്നെയായിരുന്നു. അവരുടെ വിശ്വാസത്തിലും ആചാരത്തിലും ബഹുദൈവത്വത്തിന്റെ ഘടകങ്ങള്‍ കടന്നുകൂടിയപ്പോഴാണ് ആ അവസ്ഥ മാറിയത്. യഹൂദ-ക്രൈസ്തവ വിഭാഗങ്ങളുടെ ചര്‍ച്ചുകളെയും മഠങ്ങളെയും സൂറഃ ഹജ്ജ് 40-ാം സൂക്തത്തില്‍ മസ്ജിദുകളുടെ ഗണത്തില്‍ എണ്ണിയതായി കാണാം.

ഗുഹാവാസികളുടെ സ്മാരകത്തെക്കുറിച്ചും അവരുടെ അംഗസംഖ്യയെക്കുറിച്ചും അവര്‍ ഗുഹയില്‍ വസിച്ച കാലത്തെക്കുറിച്ചും ജനങ്ങള്‍ക്കിടയിലുണ്ടായ തര്‍ക്കം അസ്ഹാബുല്‍ കഹ്ഫ് കഥയുടെ കാതലായ ഭാഗമായതുകൊണ്ടല്ല ഖുര്‍ആന്‍ അതെല്ലാം പരാമര്‍ശിക്കുന്നത്. വാസ്തവത്തില്‍ രണ്ടു സുപ്രധാന സംഗതികളാണ് ഖുര്‍ആന്‍ ഇവിടെ ഉണര്‍ത്തുന്നത്. ഗുഹാവാസികളുടെ നാട്ടുകാരിലുണ്ടായ വിപ്ലവമാണൊന്ന്. സത്യവിശ്വാസത്തിന്റെ പേരില്‍ രാജാവിന്റെ വധവിധിക്കു വിധേയരായ, കല്ലെറിഞ്ഞുകൊല്ലാന്‍ നാട്ടുകാര്‍ കാത്തുനിന്ന, പീഡിതരും നിസ്സഹായരുമായി നാടുവിടേണ്ടിവന്ന യുവാക്കള്‍ ഒന്നുറങ്ങിയെഴുന്നേറ്റുവന്നപ്പോഴേക്കും അതേ നാട്ടുകാര്‍ അവരെ വിശുദ്ധന്മാരും പുണ്യവാളന്മാരുമായി ആദരിക്കാന്‍ മത്സരിക്കുന്നു. പല കക്ഷികളായി പിരിഞ്ഞ്, അവരെ എങ്ങനെ ഉപചരിക്കണമെന്ന് തര്‍ക്കിക്കുന്നു. ഓരോരുത്തരും അവരുടെ പിന്തുടര്‍ച്ചക്കാരും ശിഷ്യന്മാരുമാണെന്ന് ഊറ്റം കൊള്ളുന്നു! അവിവേകികള്‍ സത്യവിശ്വാസികളോട് എക്കാലത്തും അനുവര്‍ത്തിച്ചുവന്നിട്ടുള്ളതാണീ നിലപാട്. ജീവിച്ചിരിക്കുമ്പോള്‍ ഭര്‍ത്സിക്കപ്പെടുന്നു. മര്‍ദിക്കപ്പെടുന്നു. അവഹേളിക്കപ്പെടുന്നു. കൊല്ലപ്പെടുന്നു. എറിഞ്ഞോടിക്കപ്പെടുന്നു. മരിച്ചു കഴി

ഞ്ഞാലോ എല്ലാവർക്കും അവർ വിശുദ്ധന്മാരായി, പുണ്യാത്മാക്കളായി, സംപൂജ്യരായി. അവരുടെ പേരിൽ സ്മാരക സൗധങ്ങളും ദേവാലയങ്ങളും ഉയരുകയായി.

ലോകാവസാനത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും ദൃഷ്ടാന്തമായി അല്ലാഹു ഉളവാക്കിയ, ഗുഹാവാസികളുടെ ഉയിർത്തെഴുന്നേൽപ്പിനെ ജനങ്ങൾ ആ നിലയിൽ കണക്കിലെടുക്കുന്നില്ല എന്നതാണ് ഈ വിവരണം സൂചിപ്പിക്കുന്ന രണ്ടാമത്തെ സംഗതി. വെറുമൊരത്ഭുത സംഭവമായിട്ടാണ് അവരതിനെ കാണുന്നത്. ഉയിർത്തെഴുന്നേൽപിന്റെ ദൃഷ്ടാന്തമായി കണ്ടിരുന്നുവെങ്കിൽ അതിന്റെ ഗൗരവത്തെക്കുറിച്ചും തങ്ങൾ അതിനു തയാറെടുക്കേണ്ടതെങ്ങനെ എന്നതിനെക്കുറിച്ചും അല്ലാഹുവിന്റെ മഹത്വത്തെക്കുറിച്ചുമായിരുന്നു അവർ ചർച്ച ചെയ്യേണ്ടിയിരുന്നത്. പക്ഷേ ഗുഹാവാസികളുടെ ആഗമനം നൽകുന്ന സന്ദേശമെന്തെന്നതിനെക്കുറിച്ച് ഒട്ടും ആലോചിക്കാതെ ആ അത്ഭുത മനുഷ്യരെ ഉപചരിക്കേണ്ടതെങ്ങനെയെന്നതിനെക്കുറിച്ചു തർക്കിക്കുകയാണവർ ചെയ്യുന്നത്; അവർക്കു വേണ്ടി ഒരു മതിൽ നിർമിച്ചാൽ മതിയോ, അതല്ല ഒരു ദേവാലയം തന്നെ നിർമിക്കണമോ എന്നൊക്കെ. ഗുഹാവാസികൾ ഒളിച്ചു പാർത്തതെന്നു കരുതപ്പെടുന്ന മിക്ക ഗുഹകളോടു ചേർന്നും തകർന്നുപോയ കെട്ടിടാവശിഷ്ടങ്ങളുണ്ട്. പെട്രായിലെ ഗുഹാമുഖത്തും അത്തരം അവശിഷ്ടങ്ങളുണ്ട്. പുരാതന എഫെസ്യൂസിന്നടുത്ത് ഒരു കുന്നിൻ മുകളിൽ കന്യാമറിയത്തിന്റെയും ഏഴു യുവാക്കളുടെ (അസ്ഹാബുൽ കഹ്ഫ്)യും ശവകുടീരങ്ങളുടെ അവശിഷ്ടങ്ങൾ താൻ കണ്ടിട്ടുണ്ടെന്ന് റവറണ്ട് ടി. അറുണ്ടേൽ 'ഏഷ്യാമൈനറിലെ കണ്ടെത്തലുകൾ' എന്ന പേരിൽ 1834-ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ളതായി സയ്യിദ് അബുൽ അഅ്ലാ മൗദൂദി *തഫ്ഹീമുൽ ഖുർആനിൽ* ഉദ്ധരിക്കുന്നുണ്ട്. ജനങ്ങൾ അസ്ഹാബുൽ കഹ്ഫിലൂടെ അല്ലാഹുവിനെ കാണുന്നതിനു പകരം അസ്ഹാബുൽ കഹ്ഫിൽ തന്നെ അല്ലാഹുവിനെ കാണുകയായിരുന്നുവെന്നതിന്റെ സൂചനയാണിത്. അല്ലാഹുവിനു പുറമെയുള്ള ഔലിയാക്കളെ കണ്ടെത്താനും ദർഗകളുണ്ടാക്കാനുമായി അസ്ഹാബുൽ കഹ്ഫിന്റെ സംഭവം പ്രയോജനപ്പെടുത്തുകയായിരുന്നു ജനങ്ങൾ.

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഖുർആൻ പരാമർശിക്കുന്ന അസ്ഹാബുൽ കഹ്ഫ് ഉണർന്നുവന്നത് റോമാ സാമ്രാജ്യം ക്രിസ്തുമതത്തെ ഔദ്യോഗിക മതമായി അംഗീകരിക്കുകയും ചക്രവർത്തിമാർ അതിന്റെ പ്രചാരകരായി മാറുകയും ചെയ്തശേഷം സി.ഇ അഞ്ചാം നൂറ്റാണ്ടിലാണെന്നാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. അക്കാലത്ത് ഈസാ (അ) പ്രബോധനം ചെയ്ത ദീൻ പഴയ റോമൻ ബഹുദൈവ സങ്കൽപ്പങ്ങളുമായി കൂടിക്കലർന്ന് വ്യത്യസ്തമായ മറ്റൊരു മതമായിക്കഴിഞ്ഞിരുന്നു. ഏകദൈവവിശ്വാസം ത്രിയേകത്വവിശ്വാസമായി മാറി. പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ് ത്രിയേകത്വത്തിലെ മൂർത്തികൾ. കന്യാമറിയത്തെയും ഒരു ദൈവമൂർത്തിയായി വാഴിച്ചിട്ടുണ്ട് ചിലർ. പുണ്യാത്മാക്കളെ ദിവ്യസിദ്ധിയുള്ളവരും പ്രാർഥനകൾ കേൾക്കുന്നവരുമായി കരുതിപ്പോന്നു. അവരുടെ കല്ലറകൾക്കുമീതെ ആരാധനാലയങ്ങൾ നിർമിക്കുകയും ആ കല്ലറകളെ ആരാധിക്കുകയും ചെയ്തിരുന്നു. ഈ സമൂഹത്തിലേക്കാണ് അസ്ഹാബുൽ കഹ്ഫ് ഉണർന്നുവന്നത്. ആ സമൂഹം അവരോട് സ്വീകരിച്ച സമീപനം പൂർണമായി ഇസ്ലാമികമായിരുന്നുവെന്നോ ശർഇയായിരുന്നുവെന്നോ കരുതുന്നത് മൗഢ്യമായിരിക്കും. പുണ്യാത്മാക്കളുടെ ഖബ്റുകളെ ആരാധനാകേന്ദ്രമാക്കുന്ന പൂർവ സമുദായങ്ങളുടെ നടപടി തികച്ചും അനിസ്ലാമികവും നിഷിദ്ധവുമായിരുന്നുവെന്ന് നബി(സ) അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. ഇമാം ബുഖാരിയും മുസ്ലിമും നസാഇയും ഉദ്ധരിക്കുന്നു:

ان اولئك اذا كان فيهم الرّجل الصالح فمات بنوا على قبره مسجدا وصوّروا فيه تلك الصور اولئك شرار الخلق يوم القيامة

(അക്കൂട്ടരുടെ സമ്പ്രദായം ഇതായിരുന്നു: അവരിൽപെട്ട നല്ല മനുഷ്യൻ മരിച്ചാൽ അവരദ്ദേഹത്തിന്റെ ഖബറിന്മേൽ ആരാധനാലയം നിർമിക്കും. അതിൽ രൂപങ്ങൾ കൊത്തിവെക്കുകയും ചെയ്യുമായിരുന്നു. അവരാകുന്നു അന്ത്യനാളിൽ ഏറ്റം നികൃഷ്ടരായ സൃഷ്ടികൾ).

ഇമാം അഹ്മദും ബുഖാരിയും മുസ്ലിമും നസാഇയും ഉദ്ധരിച്ച മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണാം:

لعن اللّه تعالى اليهود والنصاري اتخذوا قبور انبيائهم مساجد

(തങ്ങളുടെ പ്രവാചകന്മാരുടെ ഖബ്റുകളെ ആരാധനാലയങ്ങളാക്കിയ യഹൂദരെയും നസ്രായരെയും അല്ലാഹു ശപിച്ചിരിക്കുന്നു). പ്രവാചകൻ മുസ്ലിംകൾക്കു മുന്നറിയിപ്പു നൽകിയതായി ഇമാം മുസ്ലിം ഉദ്ധരിക്കുന്നു:

ألا وانه من كان قبلكم كانوا يتّخذون قبور انبيائهم مساجد فاني انهيكم عن ذلك

(സൂക്ഷിച്ചുകൊള്ളുവീൻ! പൂർവജനങ്ങൾ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകളെ ആരാധനാലയങ്ങളാക്കിയിരുന്നു. തീർച്ചയായും ഞാൻ നിങ്ങളെ അതിൽനിന്ന് വിലക്കുകയാകുന്നു). ഖബ്റുകൾ കെട്ടിപ്പൊക്കി ആരാധനാകേന്ദ്രങ്ങളാക്കുന്ന മുസ്ലിംകളെക്കുറിച്ച് നബി(സ) പ്രസ്താവിച്ചതായി ഇമാം അഹ്മദും തിർമിദിയും അബൂദാവൂദും നസാഇയും ഉദ്ധരിക്കുന്നു:

لعن اللّه تعالى زائرات القبور والمتخدين عليها المساجد والسّرج

(ഖബ്ർ സിയാറത്ത് ചെയ്യുന്ന സ്ത്രീകളെയും ഖബ്റുകളിന്മേൽ ആരാധനാലയങ്ങളുണ്ടാക്കുന്നവരെയും വിളക്കുവെക്കുന്നവരെയും അല്ലാഹു തആലാ ശപിച്ചിരിക്കുന്നു).

ഈ പ്രമാണങ്ങൾ പരിഗണിക്കുമ്പോൾ, അസ്ഹാബുൽ കഹ്ഫിനെ കണ്ടെത്തിയ ജനത്തിൽ, അവരുടെ മേൽ ഭിത്തിയാണോ പള്ളിയാണോ നിർമിക്കേണ്ടതെന്നു തർക്കിച്ചവർ യഥാർഥ ഏകദൈവ വിശ്വാസികളാണെങ്കിൽപോലും പുണ്യാത്മാക്കളുടെ ഖബ്റുകൾ കെട്ടിപ്പൊക്കി ദർഗകളും തീർഥാടന സ്ഥലങ്ങളുമുണ്ടാക്കാൻ മുസ്ലിംകൾക്ക് തെളിവാകുന്നില്ല. കാരണം പൂർവ സമുദായങ്ങളുടെ നടപടികളല്ല, മുഹമ്മദ് നബി(സ)യുടെ വാക്കുകളും പ്രവൃത്തികളുമാണ് മുസ്ലിംകൾക്ക് ഹറാമും ഹലാലും നിശ്ചയിക്കാനുള്ള മാനദണ്ഡം. എന്നിരിക്കെ പൂർവ സമുദായം തന്നെ ശപിക്കപ്പെടാനിടയായ ഒരു നടപടി മുസ്ലിം സമുദായത്തിന് അനുകരണീയവും പുണ്യകരവുമാകുന്നതെങ്ങനെ?! ■